# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2052      11.06.2018 ൽ മറുപടിക്ക്

## സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കുറയ്ക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുണ്ടായിരുന്ന സ്വയം സുരക്ഷാ പരിശീലന പരിപാടിക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. നിർഭയ 81 ഹെൽപ്പ് ലൈൻ സംവിധാനം 27.03.2017 തീയതി മുതൽ തിരുവനന്തപുരം ടെക്നോപാർക്കിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കുറയ്ക്കുന്നതിന് സ്വയംരക്ഷാ പ്രതിരോധ പരിശീലന പരിപാടി, പിങ്ക് പോലീസ് പട്രോളിംഗ്, പഞ്ചായത്ത് അദാലത്ത്, നിർഭയ വാളന്റിയേഴ്സ്, ബോധവത്കരണ ക്യാമ്പുകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ എന്നിവ കോളേജ്, സ്കൂൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റ് എന്നിവയുമായി ഒത്തൊരുമിച്ച് ബോധവത്കരണ ക്ലാസ്സുകൾ നൽകിവരുന്നു. |
| (ബി) അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് ആത്മവിശ്വാസത്തോടെ നേരിടാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിന് പോലീസ് നടപ്പാക്കുന്ന സ്വയം പ്രതിരോധ പരിശീലന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) അതിക്രമ സാഹചര്യങ്ങൾ നേരിടുന്നതിന് സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധിക്കുന്നതിനും, സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി സെൽഫ് ഡിഫൻസ് ട്രെയിനിംഗ് ബോധവത്കരണ ക്ലാസ്സുകളും, സെൽഫ് ഡിഫൻസ് ട്രെയിനിംഗ് പ്രോഗ്രാം വഴി സ്കൂൾ/കോളേജ്, കുടുംബശ്രീ യൂണിറ്റുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്നു. |

സന്നദ്ധ സംഘടനകൾ, സ്കൂളുകൾ കോളേജുകൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ മുൻകൂട്ടി നിശ്ചയിക്കുന്ന ദിവസങ്ങളിൽ പോലീസ് സഹകരണത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കും സെൽഫ് ഡിഫൻസ് ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ